**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1251** **30-08-2022 - ൽ മറുപടിയ്ക്ക്**

**മാക്കേക്കടവ് നേരേകടവ് പാലം നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ മാക്കേക്കടവ് നേരേകടവ് പാലത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർ നൽകിയ റേറ്റ് റിവിഷന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | നേരേകടവ് മാക്കേകടവ് പാലം നിർമ്മാണത്തിനായി 98.09 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 4.30 കോടി രൂപ ഭൂമി ഏറ്റെടുക്കലിനായി വകയിരുത്തിയിട്ടുണ്ട്. ചെറിയാൻ വർക്കി കൺസ്ട്രക്ഷൻ കമ്പനി 78.40 കോടി രൂപയ്ക്ക് ഡിസൈൻ ടെണ്ടറായി പാലം നിർമ്മിക്കുന്നതിനായി കരാർ ഏറ്റെടുത്തിരുന്നു. എന്നാൽ കോടതി വ്യവഹാരം മൂലം പാലം നിർമ്മാണത്തിനാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുക്കാൻ കഴിയാത്തതിനാൽ പാലം നിർമ്മാണം തടസ്സപ്പെട്ടു. പാലം നിർമ്മാണത്തിനുള്ള സ്ഥലം പൂർണമായും ഏറ്റെടുത്ത് 10/06/2022 ൽ പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുണ്ട്. 16/06/2016 ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി നിർമ്മാണ സാമഗ്രികളുടെ വിലയിലെ വ്യത്യാസം മൂലം കരാർ തുകയ്ക്ക് ബാക്കി പ്രവൃത്തി ചെയ്യുവാൻ സാധിക്കുകയില്ലെന്ന് കരാറുകാരൻ അറിയിച്ചു. തുടർന്ന് 05/07/2022 ൽ ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കോൺട്രാക്ടറുമായി ചർച്ച നടത്തി, ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന്റെ അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ